International Year of Cooperatives

**"ഭരണഭാഷ മാതൃഭാഷ"**

RCS/11909/2025-പി.റ്റി(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email:rcssctpt@gmail.com
Tel: 0471-2330825
തീയതി: 01-12-2025

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം

സ്പെഷ്യൽ സെക്രട്ടറി,
സഹകരണ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം : സഹകരണ വകുപ്പ് -വിഷൻ 2031 റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 1 സർക്കാരിന്റെ 26.11.2025 ലെ പി .എസ് 1/266/2025/സഹ നമ്പർ കത്ത് .

2 ഈ ആഫീസിലെ 21.11.2025 ലെ ഇതേ നമ്പർ കത്ത്

സൂചനകളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. "വിഷൻ 2031"സംസ്ഥാന തല സെമിനാറിൽ ഉരിത്തിരിഞ്ഞ ആശയങ്ങൾ സൂചന (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു . ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പിന്റെ 29.08.2025 ലെ സ.ഉ.(കൈ ) നം.6 /2025/I&PRD നമ്പർ ഉത്തരവിലെ ക്രമ നമ്പർ 17 ലെ സഹകരണ വകുപ്പിന്റെ നേട്ടങ്ങൾ ക്രോഡീകരിച്ചുള്ള സെക്രട്ടറിയുടെ അവതരണത്തിന്റെയും , ബഹു. സഹകരണ വകുപ്പ് മന്ത്രി അവതരിപ്പിച്ച വിഷൻ 2031 നയരേഖയും സൂചന (1) നിർദേശത്തെ തുടർന്ന് ഇതോടൊപ്പം സമർപ്പിക്കുന്നു .

<u>**സഹകരണ വകുപ്പിന്റെ നേട്ടങ്ങൾ ക്രോഡീകരിച്ചു കൊണ്ടുള്ള സഹകരണ വകുപ്പ് സെക്രട്ടറിയുടെ അവതരണം ചുവടെ ചേർക്കുന്നു**</u>

## (1) അക്ഷരം മ്യൂസിയം

- ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സംരക്ഷണത്തിനായി കോട്ടയത്ത് സ്ഥാപിച്ച സാംസ്കാരിക സ്ഥാപനമാണിത്.
- ഏഷ്യയിലെ തന്നെ എഴുത്തുകാരുടെ ആദ്യ സഹകരണ സംഘമായ സാഹിത്യ സഹകരണ സംഘത്തിന്റെ (SPCS) സഹകരണത്തോടെയാണ് നിർമ്മാണം.
- നാല് ഘട്ടങ്ങളിലായി പൂർത്തിയാക്കുന്ന മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം 2024 നവംബർ 26-ന് ഉദ്ഘാടനം ചെയ്തു.
- അടുത്ത ഘട്ടങ്ങൾക്കായി കിഫ്ബി Rs.14.98 കോടി രൂപ അനുവദിച്ചു.

## (2) KAPCOS & PAPCOS

- കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സംസ്കരിച്ച് വില്പന നടത്തുക എന്ന ലക്ഷ്യത്തോട െ രൂപീകരിക്കപ്പെട്ട സംഘങ്ങൾ.
- കേരളത്തിന്റെ നെല്ലറയായ പാലക്കാട്ടുള്ള മുഴുവൻ നെല്ലും സംഭരിച്ച് സംസ്കരിച്ച് പൊതു വിപണിയിലും സഹകരണ സ്റ്റാളുകൾ വഴിയും വിറ്റഴിക്കുക എന്നതാണ് PAPCOS ലക്ഷ്യം വെക്കുന്നത്.
- കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന KAPCOS പാലക്കാട് ഒഴികെ കേരളത്തിലെ എല്ല ാ ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കാൻ ലക്ഷ്യമിടുന്നു.
- ആധുനിക റൈസ് മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## (3) ആർബിട്രേഷൻ, എക്സിക്യൂഷൻ, ലിക്വിഡേഷൻ

- സഹകരണ വകുപ്പിലെ, ആർബിട്രേഷൻ ,എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കാൻ മേഖല അടിസ്ഥാനത്തിൽ പരിശീലനം നൽകി പ്രവർത്തന പരിപാടി ആവിഷ്കരിച്ചു.
- 2024 സെപ്റ്റംബർ മുതൽ 2025 സെപ്റ്റംബർ വരെ 2,85,357 കേസുകളിൽ ഉൾപ്പെട്ട [10,834.69 കോടി രൂപ] ആർബിട്രേഷൻ കേസുകൾ തീർപ്പാക്കുകയും ചെയ്തു.
- ഈ കാലയളവിൽ 1,04,665 എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കുകയും Rs.4,105 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു.
- സഹകരണ വകുപ്പിൽ നിലവിലുണ്ടായിരുന്ന ലിക്വിഡേഷൻ ഫയലുകളിൽ 124 എണ്ണം തീർപ്പാക്കി.

## (4) "മികവ് പദ്ധതി"

- സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അറിവ്, കഴിവ്, മനോഭാവം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പദ്ധതി.
- HRMS സോഫ്റ്റ് വെയറിൽ ഒരു ട്രെയിനിംഗ് മൊഡ്യൂൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഈ പദ്ധതിയുടെ ഭാഗമായി 300 ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകാൻ കഴിഞ്ഞു
- ഇതിനായി ACSTI മൺവിളയിൽ 2 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്.

(5) ഫെനിനിർമ്മാണം

- സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് ഫെനി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി.
- പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ വഴി ഉൽപാദിപ്പിച്ച് കൺസ്യൂമർ ഫെഡ് ഔട്ട് ലെറ്റുകൾ വഴി വിപണനം ചെയ്യും.
- ഈ പദ്ധതി വഴി നിലവിൽ പാഴായി പോകുന്ന കശുമാങ്ങ ഫലപ്രദമായി ഉപയോഗിക്കാം.
- ഈ സംരംഭത്തിൽ 11 സഹകരണ സംഘങ്ങളെ (കണ്ണൂർ-5, കാസർകോട്-6) തിരെഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു.

(6) സഹകരണ മാന്വൽ

- സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കടമകൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ സഹായിക്കുന്ന സമഗ്രമായ മാന്വൽ.
- ചരിത്രത്തിൽ ആദ്യമായി ഏപ്രിൽ 2025-ൽ പ്രസിദ്ധീകരിച്ച ഈ മാന്വൽ സഹകരണസംഘത്തിന്റെ രജിസ്ട്രേഷൻ മുതൽ സമാപ്തീകരണം വരെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു.
- സഹകരണ നിയമം, ചട്ടങ്ങൾ, രജിസ്ട്രാറുടെ സർക്കുലറുകൾ എന്നിവ വിശകലനം ചെയ്താണ് മാന്വൽ തയ്യാറാക്കിയിരിക്കുന്നത്.

(7) മെമ്പർ റിലീഫ് ഫണ്ട്

- സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു ക്ഷേമ പദ്ധതിയാണിത്.
- കാൻസർ,വൃക്കരോഗങ്ങൾ,ഗുരുതരമായ കരൾ രോഗം, പക്ഷാഘാതം, ഹൃദയ ശസ്ത്രക്രിയ, എച്ച്ഐവി, അപകടങ്ങൾ തുടങ്ങിയവ ബാധിച്ചവർക്ക് ധനസഹായം നൽകുന്നു.
- മാതാപിതാക്കൾ മരിച്ചുപോയതിനാൽ വായ്പയുടെ ബാധ്യത ഏറ്റെടുത്ത പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുണ്ട്.
- ഇതു വരെ 7 ഘട്ടങ്ങളിലായി 46,310 ഗുണഭോക്താക്കൾക്ക് 97.44 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(8) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

- കേരള സർക്കാരിന്റെ വാഗ്ദാനമനുസരിച്ച് പെൻഷൻ തുക ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ട് എത്തിച്ചു നൽകുന്ന പദ്ധതിയാണ്.
- ഈ പ്രവർത്തനങ്ങളിൽ സഹകരണ സംഘങ്ങളിലെ ജീവനക്കാരാണ് പ്രധാന പങ്ക് വഹിക്കുന്നത്.
- ഓരോ മാസവും 21 ലക്ഷത്തിലധികം പേർക്ക് പെൻഷൻ വിതരണം ചെയ്യുന്നു.
- സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി പ്രകാരമുള്ള അഞ്ച് തരം പെൻഷനുകളാണ് സഹകരണ സംഘങ്ങൾ വഴി വീടുകളിൽ എത്തിക്കുന്നത്.

- കേരളത്തിലെ സഹകരണ മേഖലയുടെ സാമൂഹിക പ്രതിബദ്ധതയും ജനങ്ങളുമായുള്ള ശക്തമായ ബന്ധവും ഈ പദ്ധതിയിലൂടെ വ്യക്തമാക്കുന്നു.

## (9) സഹകാരി സാന്ത്വനം

- അശരണരായ സഹകാരികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്.
- സഹകരണ മേഖലയിൽ പ്രവർത്തിച്ചവരോ നിലവിൽ പ്രവർത്തിക്കുന്നവരോ ആയ, വാർഷിക വരുമാനം Rs. 3 ലക്ഷത്തിൽ താഴെയുള്ളവർക്കാണ് ആനുകൂല്യം ലഭിക്കുക.
- രോഗചികിത്സക്കായി പരമാവധി Rs. 50,000- ഉം, മരണപ്പെട്ടാൽ കുടുംബത്തിന് പരമാവധി Rs.25,000-ഉം സഹായം ലഭിക്കും.

## (10) കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA)

- സഹകരണ സംഘങ്ങളിലെ പരിശോധന നടപടികളുടെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്വം എന്നിവ വർദ്ധിപ്പിക്കുന്നതിനായി സഹകരണവകുപ്പ് വികസിപ്പിച്ചെടുത്ത സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA). ഇതേവരെ 3349 ഇൻസ്പെക്ഷനുകൾ [66(1)] പൂർത്തീകരിച്ചിട്ടുണ്ട്.

## സവിശേഷതകൾ

- മൊബൈൽ ആന്റ് വെബ് സാങ്കേതിക വിദ്യകൾ : പരിശോധനാ ഉദ്യോഗസ്ഥരും മേൽനോട്ട ഉദ്യോഗസ്ഥരും, സഹകരണ സംഘങ്ങളും തമ്മിലുള്ള ആശയവിനിമയം ലളിതമാക്കുന്നു.
- തൽസമയ നിരീക്ഷണം : പരിശോധന നടപടികൾക്ക് മുകളിൽ നിരീക്ഷണവും ഫീഡ്ബാക്കും നൽകുന്നു.
- തുടർനടപടി സംവിധാനം : നിരീക്ഷണത്തിനു ശേഷമുള്ള നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നു.
- ഇന്ത്യയിലെ സഹകരണ രംഗത്തെ ആദ്യ ഡിജിറ്റൽ പരീക്ഷണം : പാരമ്പര്യ പേപ്പർ അധിഷ്ഠിത പരിശോധന രീതികളെ ഡിജിറ്റലായി മാറ്റിയ സാങ്കേതിക മുന്നേറ്റം.

## (11) നൂറുദിന കർമ്മ പദ്ധതികൾ

- സഹകരണ മേഖലയുടെ വികസനത്തിന് കരുത്തേകിയ 60 കർമ്മ പദ്ധതികൾ.
- ഈ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ നാല് നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി സഹകരണ വകുപ്പ് 60 നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. എക്കാലത്തും സഹകരണ മേഖലയ്ക്ക് അഭിമാനിക്കാവുന്ന സംരംഭങ്ങളാണിവ.
- സഹകരണ എക്സ്പോ , യുവജന സംഘങ്ങളുടെ രൂപീകരണം, കുട്ടനാട് – അപ്പർ കുട്ടനാട് മേഖലകളെ കേന്ദ്രീകരിച്ചുള്ള നെല്ല് സംഭരണ കേന്ദ്രം KAPCOS എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. സാന്ത്വന പരിചരണ കേന്ദ്രങ്ങൾ, കലാ-കായിക-സാസ്കാരിക രംഗങ്ങളിലേയ്ക്കുള്ള പ്രവേശനം, നൂതന വായ്പ പദ്ധതികൾ, സഹകാരികൾക്കുള്ള സാന്ത്വന പദ്ധതികൾ, പുതിയ മേഖലകളിൽ സംഘങ്ങളുടെ രൂപീകരണം എന്നിവയും വിവിധ നൂറുദിന കർമപദ്ധതികളിലൂടെ നടപ്പിലാക്കി.

ഒന്നാം നൂറുദിന പദ്ധതി -> 6 പദ്ധതികൾ
രണ്ടാം നൂറുദിന പദ്ധതി -> 17 പദ്ധതികൾ
മൂന്നാം നൂറുദിന പദ്ധതി ->24 പദ്ധതികൾ
നാലാം നൂറുദിന പദ്ധതി ->13 പദ്ധതികൾ
ആകെ പരിപാടികൾ ->60 പദ്ധതികൾ

**(12) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി**

- ലിക്വിഡേഷനിലായ സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി Rs.5 ലക്ഷം വരെ തിരികെ നൽകുന്നതിനുള്ള പദ്ധതി.
- 2024-ൽ അംഗീകരിച്ച ഭേദഗതി പ്രകാരം സംഘത്തിന്റെ ആസ്തികൾ ഈടായി സ്വീകരിച്ച് നിക്ഷേപം മടക്കി നൽകാൻ വായ്പ അനുവദിക്കും.
- 2024 ഡിസംബർ 31 വരെ ബോർഡിൽ Rs.265.67 കോടി നീക്കിയിരിപ്പുണ്ട്..

**(13) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**
**ONE TIME SETTLEMENT SCHEME - (OTS)**

- വായ്പാ കുടിശ്ശികയുള്ളവർക്ക് ആശ്വാസം നൽകാനും സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ആരോഗ്യം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടുള്ള പദ്ധതി.

- 2025 ജനുവരി 2 മുതൽ ഏപ്രിൽ 30 വരെ നടന്ന പദ്ധതി വഴി 1.6 ലക്ഷത്തിലധികം വായ്പാക്കാർക്ക് Rs. 573.13 കോടിയുടെ ഇളവ് ലഭിച്ചു.

- ഇത് വഴി സംഘങ്ങഴിലേക്ക് Rs.4,685.61 കോടിയുടെ വരുമാനം ഉണ്ടായി.

**(14) "അങ്ങാടി കേരള" ആപ്പ്**

- "Coop Kerla" ബ്രാൻഡിന് കീഴിലുള്ള സഹകരണ ഉൽപന്നങ്ങൾക്കായി ഒരു ഏകീകൃത ഡിജിറ്റൽ വിപണന പ്ലാറ്റ് ഫോം ഒരുക്കുന്നു.
- ഇത് ഉൽപന്നങ്ങളുടെ ഗുണ നിലവാരം, അളവ്, വില, എന്നിവയിൽ ഏകീകരണം ഉറപ്പാക്കാൻ സഹായിക്കുന്നു.
- ഉപഭോക്താക്കൾക്ക് അടുത്തുള്ള വിൽപന കേന്ദ്രങ്ങൾ കണ്ടെത്താനും , ഓർഡർ നൽകാനും , മലയാളം- ഇംഗ്ലീഷ് ഭാഷകളിൽ ആപ്പ് ഉപയോഗിക്കാനും സാധിക്കും.
- ഈ ആപ്പ് വഴി ഇടനിലക്കാരെ ഒഴിവാക്കാനും പ്രവർത്തന ചെലവുകൾ കുറയ്ക്കാനും കഴിയും

**(15) ONELINE D.C.B**

- സഹകരണ സംഘങ്ങളിൽ നിന്ന് സർക്കാരിന് ലഭിക്കേണ്ട വായ്പ, ഷെയർ, ഓഡിറ്റ് ഫീ തുടങ്ങിയ തുകയുടെ ഡാറ്റാ ഓട്ടോമേറ്റ് ചെയ്യാനുള്ള സംവിധാനം.
- ഇത് നടപ്പാക്കുന്നതോടെ സർക്കാരിന് ലഭിക്കേണ്ട തുകയുടെ കൃത്യമായ വിവരങ്ങൾ തത്സമയം ലഭിക്കും.

- ഡാറ്റാ എൻട്രി കണക്കുകൂട്ടൽ തുടങ്ങിയ ജോലികൾ ഓട്ടോമേറ്റ് ചെയ്യുന്നതിനാൽ ജീവനക്കാരുടെ ജോലി ഭാരം കുറയും.
- വേഗത്തിലുള്ള ഡാറ്റ ലഭ്യത, പിശകുകൾ ഒഴിവാക്കൽ ,സുതാര്യത വർദ്ധിപ്പിക്കൽ എന്നിവ ഈ സംവിധാനത്തിന്റെ പ്രധാന നേട്ടങ്ങളാണ്.

## (16) പ്രോജക്ട് ക്രെഷ്

- സർക്കാർ പദ്ധതികളിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള പ്രോജക്ട് പ്രപ്പോസലുകൾ പരിശോധിക്കുന്നതിനായി രജിസ്ട്രാർ കാര്യാലയത്തിൽ ആരംഭിച്ച പുതിയ വിഭാഗം.
- എം.ബി.എ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗസ്ഥരെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- പദ്ധതികൾ തയ്യാറാക്കാൻ സംഘങ്ങളെ സഹായിക്കുക, സാമ്പത്തികപരമായ സാധ്യതകളും പ്രായോഗികതയും വിലയിരുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.
- ഇതേവരെ 93 DPR കൾക്ക് ഇതുവഴി സഹായം നൽകിയിട്ടുണ്ട്.

## (17) താലൂക്ക്തല ധാന്യ സംഭരണശാലകൾ

- കേരളത്തിലെ 78 റവന്യൂ താലൂക്കുകളിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ (PACS) ഉൾപ്പെടുത്തി ധാന്യ സംഭരണ ശാലകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി.
- ഭക്ഷ്യസുരക്ഷ വർദ്ധിപ്പിക്കുന്നതിനും , വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.
- പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി നബാർഡിന് കീഴിലുള്ള നാബ്കോൺസുമായി ചർച്ചകൾ പൂർത്തീകരിച്ചു.
- പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി സംസ്ഥാന –ജില്ലാ തല സഹകരണ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാൻ ലക്ഷ്യമിടുന്നു.

## (18) "കോപ് കേരള" സർട്ടിഫിക്കേഷൻ

- സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ഏകീകൃത ബ്രാൻഡിംഗും വിപണനവും ഉറപ്പു വരുത്തുവാൻ ലക്ഷ്യമിടുന്നു.
- 2022 മുതൽ 2025 മെയ് വരെ 33 സംഘങ്ങളുടെ 151 ഉൽപന്നങ്ങൾക്ക് ''കോപ് കേരള '' സർട്ടിഫിക്കറ്റ് നൽകി.
- ഈ സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപ്പന്നങ്ങൾക്കായി "അങ്ങാടികേരള" എന്ന പേരിൽ ഒരു ഡിജിറ്റൽ വിപണന പ്ലാറ്റ്ഫോം ഉടൻ നിലവിൽ വരും.

## (19) പ്രവാസികൾക്കായി 'പ്ലാന്റ് ഓപ്പറേറ്റീവ് ആൻഡ് ട്രാൻസ്ഫർ' പദ്ധതി

- കേരളത്തിലെ 36.5 ലക്ഷം വരുന്ന പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യമായ ഭൂമി ഏറ്റെടുത്തി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചറൽ

പഴങ്ങൾ കൃഷി ചെയ്ത് വിപണനം ചെയ്യുന്ന പദ്ധതി.

- ഈ പദ്ധതി നടപ്പിലാക്കുന്നത് Plant operate & Transfer ( POT ) മാതൃക സൃഷ്ടിച്ചുകൊണ്ടാണ്. ഒരു നിശ്ചിത കാലയളവിനുശേഷം വരുമാനം നൽകുന്ന തോട്ടം ഭൂമിയോടൊപ്പം പ്രവാസിക്ക് തിരികെ നൽകും .
- കൂടാതെ, പ്രവാസികളുടെ കുടുംബങ്ങൾക്കായി വയോജന പരിപാലനം, സാന്ത്വന പരിചരണം എന്നിവയും സഹകരണ സംഘങ്ങൾ ഏറ്റെടുക്കുക.
- പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 2025 ഓഗസ്റ്റ് 12 –ന് പത്തനംതിട്ടയിൽ ബഹു. സഹകരണവകുപ്പ് മന്ത്രി ശ്രീ.വി.എൻ വാസവൻ നിർവ്വഹിച്ചു.

(20) <u>PACS- കളിൽ യൂണിഫോം സോഫ്റ്റ് വെയർ</u>

- സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും (1,636) അവയുടെ ശാഖകളിലും (3,800) ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.
- ഇത് സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ, വായ്പാ മാനേജ്മെന്റ് , അക്കൗണ്ടിംഗ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കും.
- അംഗങ്ങളുടെ രജിസ്ട്രേഷൻ , സാമ്പത്തിക റിപ്പോർട്ടിംഗ് എന്നിവ മെച്ചപ്പെടുത്താൻ ഇത് സഹായിക്കും.

(21) <u>സഖി പദ്ധതി</u>

- വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതി.
- നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് പ്രസവാനന്തര ശുശ്രൂഷ , നവജാത ശിശു പരിചരണം , പാലിയേറ്റീവ് കെയർ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നു.
- പരിശീലനം ലഭിച്ച വനിതകളെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്നതിനായി 'Co-op Connect ' മൊബൈൽ പ്ലാറ്റ്ഫോം ഉപയോഗിക്കും.

(22) <u>പഴവർഗ്ഗച്ചെടി തോട്ടങ്ങളുടെ വ്യാപനം</u>

- കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) വഴി പഴവർഗ്ഗ കൃഷി വികസിപ്പിക്കാനുള്ള പദ്ധതി.
- കർഷകരുടെ സ്വന്തം ഭൂമിയിലോ, പാട്ടത്തിനെടുത്ത ഭൂമിയിലോ വാണിജ്യാടിസ്ഥാനത്തിൽ കൃഷി നടത്തുന്നു.
- വിളവെടുത്ത പഴങ്ങൾ വിപണനം ചെയ്യുന്നതിനും , 'Coop Kerala 'സർട്ടിഫിക്കറ്റുള്ള ഒട്ടുതൈകൾ വിൽക്കുന്നതിനും ലക്ഷ്യമിടുന്നു.
- തരിശായിക്കിടക്കുന്ന ഭൂമികൾ ഈ പദ്ധതിക്കായി ഉപയോഗപ്പെടുത്തും

(23) <u>സഹകരണ സംഘങ്ങൾക്ക് മാതൃക നിയമാവലി</u>

- സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള വിവിധ സംഘങ്ങൾക്കായി മാതൃകാ നിയമാവലി തയ്യാറാക്കുന്നു.
- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം ,പ്രാഥമിക വനിതാ സഹകരണ സംഘം, സ്കൂൾ സഹകരണ സംഘം , തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.
- ഓരോ സംഘത്തിന്റെയും പ്രവർത്തന പരിധി. ഉദ്ദേശ്യ ലക്ഷ്യങ്ങൾ , അംഗത്വ വ്യവസ്ഥകൾ , ഭരണസമിതിയുടെ അധികാരങ്ങൾ, ജീവനക്കാരുടെ നിയമനം തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ മാതൃകാ നിയമാവലി.

## (24) ജീവനക്കാർക്കും ഭരണസമിതി അംഘങ്ങൾക്കും പ്രവർത്തന മാന്വൽ

- സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും അവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കുന്ന മാന്വൽ തയ്യാറാക്കി.

- സഹകരണ നിയമത്തിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഇവരുടെ ഭരണപരമായ /സാമ്പത്തികപരമായ /സേവനപരമായ ഉത്തരവാദിത്തങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

- സഹകരണ വകുപ്പിൽ ഇത്തരമൊരു മാന്വൽ ആദ്യമായിട്ടാണ് തയ്യാറാക്കുന്നത്.

## (25)പ്രധാന സ്ഥിതി വിവരണകണക്കുകൾ

- "കോപ്-കേരള" സർട്ടിറിക്കറ്റ് – 2022 മുതൽ 2024 വരെ 24 സംഘങ്ങളുടെ 90 ഉൽപ്പന്നങ്ങൾക്കും ,മേയ് 2025 വരെ 9 സംഘങ്ങളുടെ 61 ഉൽപ്പന്നങ്ങൾക്കും ഉൾപ്പെടെ 33 സംഘങ്ങളുടെ 151 ഉൽപ്പന്നങ്ങൾക്ക് "കോപ്-കേരള" സർട്ടഫിക്കറ്റ് നൽകിയിട്ടുണ്ട്.
- "ഉത്സവകാല വിപണി" – 2025 ലെ വിഷു –ഈസ്റ്റർ വിപണി തുടർച്ചയായ 10 ദിവസം 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിരക്കിൽ വിപണനം നടത്തിയിരിക്കുന്നു.

## പ്രധാന സ്ഥിതി വിവരണകണക്കുകൾ

- മുറ്റത്തെ മുല്ല പദ്ധതിയുടെ 31.03.2025- ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 1,092 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ 22,277 കുടുംബശ്രീ യൂണിറ്റുകൾ വഴി 8,18,172 അംഗങ്ങൾക്ക് 4,477.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വായ്പ തിരിച്ചടവ് - 2,927.23 കോടി രൂപ ആണ്.
- ഹരിതം സഹകരണം ക്യാമ്പയിന്റെ ഭാഗമായുള്ള "മാതൃവനം" പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ2025 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ , 14 ജില്ലകളിലായി 2800 സർക്കാർ സ്കൂളുകളിൽ 56,000 ഔഷധ ചെടികൾ നട്ടുപിടിപ്പിച്ചു.

## പ്രധാന സ്ഥിതി വിവരണകണക്കുകൾ

- കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ സഹകരണ വകുപ്പ് ഏറ്റെടുത്തു ഏറ്റെടുത്തു പൂർത്തിയാക്കിയ ഭവനങ്ങൾ - 2093.

- കെയർ ഹോം രണ്ടാം ഘട്ടത്തിൽ തൃശ്ശൂരിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്കും , കണ്ണൂർ ജില്ലയിലെ പന്നിയൂർ വില്ലേജിൽ 18 കുടുബങ്ങൾക്കും ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറി.

## പ്രധാന സ്ഥിതി വിവരണകണക്കുകൾ

- കൺസ്യൂമർ ഫെഡിന്റെ 1800 –ഓളം ചന്തകൾ 157.42 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ഈ ഓൺക്കാലത്ത് വിറ്റഴിക്കുകയുണ്ടായി.
- കൂടാതെ സംഘങ്ങൾ നടത്തിയ ഓണച്ചന്തകൾ വഴി 48.2 കോടി രൂപയുടെ സഹകരണ ഉൽപന്നങ്ങളും ഈ ഓണക്കാലത്ത് വിറ്റഴിക്കപ്പെട്ടു.

## പ്രധാന സ്ഥിതി വിവരണകണക്കുകൾ

- ഫയൽ ക്ലിയറൻസ് ക്യാമ്പയിൻ - സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ 18,310 ഫയലുകളിൽ 12,562 (68.61%) ഫയലുകൾ തീർപ്പാക്കി.
- സഹകരണ വകുപ്പിന്റെ 93 ഓഫീസുകളിലുമായി 01.01.2024 ന് മുൻപുള്ള 923 ഫയലുകൾ ഒഴിച്ചുള്ള ബാക്കി മുഴുവൻ ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്.

## (26)സഹകരണ എക്സ്പോ

- കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് ഈ എക്സ്പോ.
- 2022-ൽ ആരംഭിച്ച എക്സ്പോയുടെ മൂന്നാം പതിപ്പാണ് 2025 ൽ നടത്തപ്പെട്ടത്.
- കഴിഞ്ഞ മൂന്ന് പതിപ്പുകളിലായി സഹകരണ മേഖലയുടെ സംഭാവനകൾ വിലയിരുത്തുന്നതിനും,വിജയഗാഥകകൾ പ്രചരിപ്പിക്കുന്നതിലും, മൂല്യവർധിത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും (Product launch) ഇത് സംഘടിപ്പിക്കുന്നു.

## (27) മുറ്റത്തെ മുല്ല

- ഗ്രാമീണ, മലയോര മേഖലകളിലെ സ്ത്രീകളെയും താഴെത്തട്ടിലുള്ള തൊലാളികളെയും അമിത പലിശ ഈടാക്കുന്ന നിയമവിരുദ്ധ പണമിടപാടുകാരിൽ നിന്ന് രക്ഷിക്കാൻ 2018-ൽ ആരംഭിച്ച പദ്ധതിയാണിത്.
- കുടുംബ ശ്രീയുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതി വഴി ഒരാൾക്ക് Rs.1,000 മുതൽ Rs.50,000 വരെ വായ്പ നൽകുന്നു.
- 2025 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം 1,092 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ Rs.4,477.79 കോടി രൂപ 8 ലക്ഷത്തിലധികം അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

## (28) കെയർഹോം പദ്ധതി

- 2018 –ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനായി സഹകരണ വകുപ്പ് ആരംഭിച്ച പദ്ധതി.

- ആദ്യഘട്ടത്തിൽ 2093 വീടുകൾ പൂർത്തിയാക്കി ഗുണഭോകതാക്കൾക്ക് കൈമാറി.
- രണ്ടാംഘട്ടത്തിൽ പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി 14 ജില്ലകളിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നു.
- തൃശ്ശൂരിലെയും,കണ്ണൂരിലെയും ഭവന സമുച്ചയങ്ങൾ പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്.പാലക്കാട്ടും, മലപ്പുറത്തും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(29) ഹരിതം സഹകരണം

- സഹകരണ സംഘങ്ങളിലൂടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളും സുസ്ഥിരതയും പ്രോത് സാഹിപ്പിക്കാൻ സകഹകരണ വകുപ്പ് 2018 -ൽ തുടങ്ങിയ പദ്ധതി.
- ആദ്യ അഞ്ച് വർഷം കൊണ്ട് അഞ്ചു ലക്ഷം ഫലവൃക്ഷത്തൈകൾ നടുകയായിരുന്നു ലക്ഷ്യം.
- 2025-ൽ ഈ പദ്ധതിയുടെ ഭാഗമായി 'മാതൃവനം' പദ്ധതി ആരംഭിച്ചു. സ്കൂളുകളിൽ ഔഷധഗു ണമുള്ള മരങ്ങൾ വെച്ചുപിടിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ശാസ്ത്രീയനാമം , പ്രാദേശികനാമം, ഉപയോഗം എന്നിവ ഉൾക്കൊള്ളുന്ന ക്യൂ ആർ കോഡ് സം വിധാനം ഇതിനായി ഒരുക്കുന്നു.

(30) ഉത്സവകാല വിപണി ഇടപെടൽ

- ഉത്സവകാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർ ഫെഡ് മുഖേന താൽ കാലിക വിപണികൾ ഒരുക്കുന്നു.
- ഈ വിപണികളിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയുടെ വി തരണം ചെയ്യുന്നു.
- 2025-ലെ ഓണം വിപണിയിൽ 1,800 ചന്തകൾ വഴി 157.42 കോടി രൂപയുടെ ഉൽപന്നങ്ങൾ വിറ്റഴിച്ചു.
- സഹകരണ സംഘങ്ങൾ നടത്തിയ ഓണച്ചന്തകൾ വഴി 48.2 കോടി രൂപയുടെ ഉൽപ്പന്നങ്ങ ളും വിറ്റഴിക്കപ്പെട്ടു.

ബഹു. സഹകരണ വകുപ്പ് മന്ത്രി അവതരിപ്പിച്ച നയരേഖ ചുവടെ ചേർക്കുന്നു

(1) (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും തമ്മിലുള്ള സഹക രണം മെച്ചപ്പെടുത്തി സഹകരണമേഖലയുടെ പ്രവർത്തനം വിപുലീകരിക്കും.

(ബി) കേരളത്തിന്റെ സഹകരണ മേഖല ആരോഗ്യം, വിനോദസഞ്ചാരം എന്നീ രണ്ടു ശക്തമായ മേഖലയെയും കൂട്ടിയിണക്കി മുന്നോട്ടു പോകുന്ന ഒരു പുതിയ സംരംഭമാണ് മെഡിക്കൽ വാല്യു ടൂറി സം. ഇതിന്റെ ലക്ഷ്യം, വിദേശ ടൂറിസ്റ്റുകൾക്കും ആഭ്യന്തര ടൂറിസ്റ്റുകൾക്കും കേരളത്തിന്റെ ആരോ ഗ്യസേവനങ്ങളെയും പ്രകൃതിസൗന്ദര്യത്തെയും ഒരുമിച്ച് അനുഭവിക്കാൻ അവസരം നൽകുക എ ന്നതാണ്.

(സി) ചെറുകിട സംരംഭങ്ങളെ (MSME) പ്രോത്സാഹിപ്പിച്ച് യുവജനങ്ങൾക്ക് ആകർഷകമായ ത ൊഴിൽ പദ്ധതികൾ.

(ഡി) സഹകരണ മേഖലയിലെ ഏറ്റവും പ്രചാരമുള്ള വിജയ കഥകളിലൊന്നായി മുറ്റത്തെമുല്ല വായ്പാ പദ്ധതി മാറിയിരിക്കുന്നു. കേരളമൊട്ടാകെ വ്യാപിച്ച് വലിയ ജനപ്രീതിയും ഫലപ്രാപ്തിയും ന േടിയ ഈ പദ്ധതി, കൂടുതൽ തുക വായ്പയായി പ്രഖ്യാപിച്ച്, കൂടുതൽ കുടുംബശ്രീ യൂണിറ്റുകളുമായി

ബന്ധിപ്പിച്ച്, കൂടുതൽ സ്ത്രീകളെയും കുടുംബങ്ങളെയും ഉൾപ്പെടുത്തി വ്യാപിപ്പിക്കുന്നതാണ്.

**(2)സഹകരണ മേഖലയിൽ യുവജനങ്ങളുടെ മെച്ചപ്പെട്ട പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതാണ്**

-

(എ)വളരുന്ന തലമുറക്ക് സഹകരണ മേഖലയോട് ആഭിമുഖ്യം ഉണ്ടാകുന്നതിന് 'Catch them Young' എന്ന ലക്ഷ്യം മുൻനിർത്തി സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതാണ്.

(ബി) യുവതയെ ആകർഷിക്കുന്നതിനായി ദേശസാൽകൃത ബാങ്കുകൾ നൽകുന്ന എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും സഹകരണ ബാങ്കുകൾ വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ടർഫ് യൂണിറ്റുകൾ ആരംഭിച്ച് മിതമായ നിരക്കിൽ യുവജനങ്ങൾക്ക് ലഭ്യമാക്കുന്ന സംവിധാനം നടപ്പിലാക്കുന്നതാണ്.

(ഡി) സഹകരണ മേഖലയിൽ കൺസോർഷ്യം വെഞ്ചർ നെറ്റ് വർക്കിംഗ് രൂപീകരിക്കുന്നതാണ്.

(ഇ)കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക്സ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങൾ/ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം ഉപയോഗപ്പെടുത്തി സഹകരണ മേഖലക്കും പൊതുജനങ്ങൾക്കും വളരെയധികം പ്രയോജനം ചെയ്യുന്നവിധത്തിൽ തിരുവനന്തപുരം ജില്ല കേന്ദ്രമാക്കി ഒരു ലോജിസ്റ്റിക്സ് സഹകരണ സംഘം ആരംഭിക്കുന്നതാണ്.

**(3)പൊതുജന ആരോഗ്യ മേഖലയിൽ സഹകരണ സംഘങ്ങളുടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.**

(എ)ജില്ലകളിൽ സാമ്പത്തിക അടിത്തറയും മിച്ച ഫണ്ടുമുള്ള സഹകരണസംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് മൾട്ടി സ്പെഷ്യാലിറ്റി സഹകരണ ആശുപത്രികൾ ആരംഭിക്കുന്നതാണ്.

(ബി) CARE ECONOMY-യുടെ ഭാഗമായി Co-op Care സംവിധാനങ്ങൾ സാർവ്വത്രികമാക്കി Geriatric Care, Palliative Care തുടങ്ങിയ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്തുന്നതാണ്.

(സി) സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ മിതമായ നിരക്കിൽ ലാബ് സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ ലാബ്, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സേവനങ്ങൾകൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കൺസ്യൂമർഫെഡിന്റെ ത്രിവേണി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫാർമസിയിൽ സർക്കാർ സഹായത്തോടെ എംഫാം, ആറു മാസം,ഒരു വർഷം ദൈർഘ്യമുള്ള വിവിധ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതാണ്.

(ഇ) കൺസ്യൂമർഫെഡ് നോഡൽ ഏജൻസിയായി നടത്തി വരുന്ന നീതി മെഡിക്കൽ സ്റ്റോറുകളിലൂടെയുള്ള വ്യാപാരം കൂടുതൽ ജനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി പരമാവധി സഹകരണ സം

ഘങ്ങളെ ഉൾപ്പെടുത്തി കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

(4)<u>ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കും</u>

(എ) ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങൾ വഴി ഹോട്ടൽ സമുച്ചയം ആരംഭിക്കുന്നതാണ്.

(ബി)ഓരോപ്രദേശത്തെയും സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തി പ്രാദേശിക ടൂറിസം സ്പോട്ടുകൾ കണ്ടെത്തി ആയതിന്റെ വികസനം ടി സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(സി)പ്രാദേശിക ടൂറിസം സ്പോട്ടുകളിൽ ആൾതാമസമില്ലാത്ത വീടുകൾ പ്രദേശത്തെ സഹകരണ സംഘങ്ങൾ വഴി കണ്ടെത്തി 'ഹോം സ്റ്റേ' ഏർപ്പെടുത്തി ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) <u>ഊർജ്ജ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഇടപെടൽ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .</u>

(എ) റിന്യൂവബിൾ എനർജി സാദ്ധ്യതകളായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് സോളാർ പാനലുകൾ ആവശ്യാനുസരണം സ്ഥാപിച്ച് സഹകരണ സംഘങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതാണ്. രണ്ടാം ഘട്ടമെന്ന നിലയിൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾ വഴി സർക്കാർ ജീവനക്കാരെയും, പ്രാഥമിക സഹകരണ സംഘങ്ങളെ പൂർണമായും ഉൾപ്പെടുത്തി "സഹജ്യോതി" പദ്ധതി വിപുലീകരിക്കുന്നതാണ്.

(ബി) ജില്ലാ അടിസ്ഥാനത്തിൽ മാലിന്യ ശേഖരണത്തിന് "WASTE TO ENERGY " മൈക്രോപ്ലാന്റുകൾ ആരംഭിച്ച് വികേന്ദ്രീകൃതമാലിന്യസംസ്കരണത്തിനുള്ള സഹകരണ മാതൃക നടപ്പിലാക്കുന്നതാണ്.

(സി)പ്രധാന നിരത്തുകളിൽ ഇലക്ട്രിക്,സി.എൻ.ജി ചാർജിംഗ് സ്റ്റേഷനുകൾ സഹകരണ സംഘങ്ങൾ വഴി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നരീതിയിൽ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾസ്വീകരിക്കുന്നതാണ്.

(6) <u>വിദ്യാഭ്യാസ മേഖലയിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്.</u>

(എ) വിദ്യാഭ്യാസ സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തി പ്രവേശന പരീക്ഷാ പരിശീലനം, മത്സര പരീക്ഷാ പരിശീലനം, ഫിനിഷിംഗ് സ്കൂൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്

(ബി) സഹകരണ സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള സാധ്യത പഠനവിധേയമാക്കുന്നതാണ് .

(സി)സഹകരണ സംഘം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി "സഹകരണഫാക്കൽറ്റി ക്ലബുകൾ " ആരംഭിക്കുന്നതാണ്.

(ഡി)"നവനീതം" പദ്ധതി പ്രകാരം സ്കൂൾ കുട്ടികളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

(7)<u>കാർഷിക മേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.</u>

(എ) സഹകരണ മേഖലയിൽ ധാന്യ -സംഭരണ ശാലകൾ ആരംഭിക്കുന്നതാണ്.

(ബി)സഹകരണ സ്ഥാപനങ്ങൾ വഴി സംഭരിക്കുന്ന നെല്ലിന് ന്യായവില നൽകുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണ് .

(സി)നെൽകർഷകരെ സഹായിക്കുന്നതിനായി സഹകരണ സംഘങ്ങളിൽ ഡ്രയർ യൂണിറ്റ് സജ്ജീകരിക്കുന്നതാണ്.

(ഡി)സഹകരണ സംഘങ്ങൾ വഴി പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉണക്കി വിൽക്കുന്ന Dry fruit Processing Unit കൾ ജില്ലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതാണ്.

(ഇ)തെങ്ങിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറുകിട സംരംഭങ്ങൾ സഹകരണ സംഘങ്ങൾ വഴി ആരംഭിക്കുന്നതാണ്.

(8)<u>പ്രവാസി മേഖലയിൽ സഹകരണ സംഘങ്ങളുടെ ഇടപെടൽ ഊർജ്ജിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്</u>

–

(എ) സഹകരണ മേഖലയിൽ "വെസ്റ്റേൺ യൂണിയൻ" മാതൃകയിൽ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതാണ്.

(ബി) കേരളത്തിലെ പ്രവാസികളുടെ കൃഷി യോഗ്യമായ ഭൂമി കണ്ടെത്തി അത് താത്കാലികമായി ഏറ്റെടുത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചറൽ മരങ്ങൾ കൃഷി ചെയ്ത്, വിളവെടുപ്പ് നടത്തി ,വിപണനം നടത്തുകയും പ്രവാസികളുടെ പ്രായമായ കുടുംബാം ഗങ്ങൾക്കായി വയോജന പരിപാലനം , സാന്ത്വന പരിചരണം എന്നിവ കൂടി നടപ്പിലാക്കുന്ന POT (പ്ലാന്റ് ഓപ്പറേറ്റ് & ട്രാൻസ്ഫർ)പദ്ധതി വ്യാപകമാക്കുന്നതാണ്.

(9) <u>സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിന് വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ ഉറപ്പ് വരുത്തുന്നതാണ്</u>

–

(എ)നഷ്ടം നേരിടുന്ന സഹകരണ സംഘങ്ങൾക്കായി ഫണ്ട് മാനേജ്മെന്റ്, റിക്കവറി മാനേജ്മെന്റ് എന്നിവയ്ക്ക് സംസ്ഥാനതലമോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.
(ബി) സഹകരണ സംഘങ്ങളുടെ അക്കൗണ്ടിങ്ങും, ആഡിറ്റും സുതാര്യവും കര്യക്ഷമമായി നടപ്പിലാക്കുന്നതിന് സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(സി) "CERSAI"യ്ക്ക് സമാനമായി സ്റ്റേറ്റിന്റെ ഒരു കോമൺ രജിസ്ട്രിഫോർമേഷൻ ആന്റ് ഐ.ഡി. രൂപീകരിക്കുന്നതാണ് .

(ഡി)MSS, GDCS തുടങ്ങിയവ കെ.എസ്.എഫ്.ഇ മാതൃകയിൽ നടപ്പിലാക്കി സംഘങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ)സഹകരണ സംഘങ്ങളുടെ ആഡിറ്റിൽ നിലവിലുള്ള റിസർവ്വ് സംവിധാനംപരിഷ്കരിച്ച് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതാണ്.

(എഫ്) സഹകരണ മേഖലയിലെ മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സ്പാർക്ക് രീതിയിൽ ഒരു ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ് .

(ജി)സഹകരണ സംഘങ്ങളിൽ ഇലക്ട്രോണിക് റിക്കോർഡ്സ് മാനേജ്മെന്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതാണ്.

(എച്ച്)സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രകടനം വസ്തുനിഷ്ഠമായി വിലയിരുത്തുന്ന സംവിധാനം നടപ്പിൽ വരുത്തുന്നതാണ് .

(ഐ)RISK FUND, MRF പദ്ധതികളിലെ അപേക്ഷകൾ ഓൺലൈൻ വഴി കാലതാമസമില്ലാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

(ജെ) ARC, EP അപേക്ഷകൾ ഓൺലൈൻ മുഖാന്തിരമാക്കുന്നതാണ്.

(കെ)സഹകരണ സംഘങ്ങളുടെ മിനിട്ട്സ് യോഗ ദിവസം തന്നെ രേഖപ്പെടുത്തി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് പരിശോധിക്കാവുന്ന തരത്തിൽ അവ ഓൺ ലൈൻ പ്ലാറ്റ് ഫോമിൽ രേഖപ്പെടുത്തുന്നത് നിർബന്ധമാക്കുന്നതാണ്.

(എൽ) പൊതുവായ സോഫ്റ്റ് വെയർ, ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ, ഏകീകൃത പർച്ചേയ്സ് മാന്വൽ തുടങ്ങിയവ നടപ്പിലാക്കുന്നതാണ്.

(എം)MSS ജാമ്യ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ച് പദ്ധതികൾ കൂടുതൽ ആകർഷകമാക്കുന്നതാണ്.

(എൻ)സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നൽകി കൊണ്ട് ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ കൂടുതൽ കർശനമാക്കുന്നതാണ്.

(ഒ)ദുർബല സംഘങ്ങളെ കണ്ടെത്തുകയും അവയെ സാമ്പത്തിക ശേഷിയുള്ള സംഘങ്ങളുമായി ലയിപ്പിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(പി)സഹകരണ വകുപ്പിലെ സേവനങ്ങൾ ഒരു ഡിജിറ്റൽ പ്ലാറ്റ് ഫോമിലാക്കിക്കൊണ്ട് പൊതുജന സേവനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ക്യൂ)അപകട സാധ്യത കൂടുതലുള്ള മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതാണ്.

<u>(10)ലക്ഷ്യമിടുന്ന മറ്റ് ഇടപെടലുകൾ</u>

എ)എംപ്ലോയീസ് സഹകരണ സംഘങ്ങളുടെ മിച്ചധനം ഉപയോഗിച്ച് ജില്ലാ/താലൂക്ക് കേന്ദ്രങ്ങളിൽ സർക്കാർ/സർക്കാർ ഇതര ജീവനക്കാർക്കായി വനിതാ- പുരുഷ പെയ്ഡ് ഹോസ്റ്റലുകളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ബി) സഹകരണ മേഖലയിലെ പ്രിന്റിംഗ് ജോലികൾ പ്രിന്റിംഗ് സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതാണ് .

(സി) ശബരി വിമാനത്താവളം, മലയോര തുരങ്കപാത തുടങ്ങിയ സംരംഭങ്ങളിൽ സഹകരണ മേഖലയുടെ സാമ്പത്തിക പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.

വിശ്വസ്തതയോടെ
Dr. D SAJITH BABU IAS
**സഹകരണ സംഘം രജിസ്ട്രാർ**

//ആജ്ഞാനുസരണം//

Signed by
Sreekumar S
Date: 04-12-2025 17:02:15

അസിസ്റ്റന്റ് രജിസ്ട്രാർ (ഐ.സി.റ്റി -പി.റ്റി)